## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം

വിഷയം - ആ.വ.ഡ - ജീവനക്കാര്യം - പ്രവേശന കാലാവധി ദീർഘിപ്പിച്ച് നൽകിയതിന് ശേഷം അസിസ്റ്റന്റ് സർജനായി നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം - 1. ഉത്തരവ് നം.ഇ.എ 3 / 46768 / 2019/ ആ.വ.ഡ , തീയതി- 02/07/2019

2. സ.ഉ(സാധാ) നം.1022/2020/ആ.കു.വ , തീയതി- 04/06/2020

**ഉത്തരവ് നം.ഇ.എ 3 / 46768 / 2019/ആ.വ.ഡ , തീയതി -19/06/2020**

Abishek.V.J , Verammanal House , Puthuponnani , Ponnani South P.O , Malappuram - 679586 കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശയിൽ അസിസ്റ്റൻറ് സർജനായി പരാമർശം (1) പ്രകാരം നിയമന ഉത്തരവ് നൽകിയെങ്കിലും ടിയാളുടെ അപേക്ഷ പ്രകാരം പ്രവേശന കാലാവധി 05/05/2022 തീയതി വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ പരാമർശം (2) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തില് ഡോ. അഭിഷേക്.വി.ജെ യെ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽക്കാണ് സീനിയോരിട്ടി ലഭിക്കുന്നത് എന്ന വ്യവസ്ഥയിൽ കാസർഗോഡ് പനത്തടി താലൂക്ക് ആശുപത്രിയിൽ നിയമിച്ച് കൊണ്ട് ഉത്തരവാകുന്നു.

ടിയാൾ ഏഴ് ദിവസത്തിനകം അസ്സൽ സർട്ടിഫിക്കറ്റുകളും നിയമന ഉത്തരവും സഹിതം കാസർഗോഡ് ജില്ലാ മെഡിക്കൽ ആഫീസർ മുൻപാകെ ഹാജരാകേണ്ടതാണ്. അല്ലാത്ത പക്ഷം ജോലിയിൽ പ്രവേശിക്കാത്ത വിവരം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുൻപാകെ അറിയിക്കുന്നതാണ്.

ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്.

2020 -ലെ പൊതു സ്ഥലംമാറ്റ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ തത്സമയത്ത് ആവശ്യമെങ്കിൽ ഈ ഉത്തരവ് പുന പരിശോധിക്കുന്നതാണ്.

വിശ്വസ്തതയോടെ

(ഒപ്പ്)

ഡോ.സരിത.ആർഎൽ

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്-

Abishek.V.J , Verammanal House , Puthuponnani , Ponnani South P.O , Malappuram - 679 586

പകർപ്പ്-

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) , കാസർഗോഡ്
(ഡോ.അഭിഷേക്.വി.ജെ -ന്റെ തിരിച്ചറിയൽ രേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടിയാളെ നിയമിച്ച സ്ഥാപനത്തിൽ ഒഴിവ് ഇല്ലായെങ്കിൽ സാധൂകരണത്തിന് വിധേയമായി മറ്റൊരു സ്ഥാപനത്തിൽ നിയമിക്കേണ്ടതാണ്. )
2. അക്കൗണ്ടൻറ് ജനറൽ(എ ആൻറ് ഇ) തിരുവനന്തപുരം
3. സൂപ്രണ്ട് , താലൂക്ക് ആശുപത്രി പനത്തടി , കാസർഗോഡ് (ടിയാളുടെ സേവന വിവരങ്ങൾ ജോലിയിൽ പ്രവേശിക്കുന്ന ദിവസം തന്നെ സ്പാർക്ക് സംവിധാനത്തിൽ രേഖപ്പെടുത്തുന്നതിനുള്ള മേൽ നടപടി സ്വീകരിക്കേണ്ടതാണ്. )
4. ഫയൽ / കരുതൽ

// അംഗീകാരത്തോടെ //

സൂപ്രണ്ട്

ANJ-19/06/2020 KG